**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5335** **05-07-2024 - ൽ മറുപടിയ്ക്ക്**

**സ്വയംഭരണ പദവി അനുവദിച്ചിട്ടുള്ള കോളേജുകളിൽ മികച്ച അക്കാദമിക അന്തരീക്ഷം സൃഷ്ടിക്കാനുള്ള നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. സണ്ണി ജോസഫ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** |
| (എ) | സ്വയംഭരണ പദവി അനുവദിച്ചിട്ടുള്ള കോളേജുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സംസ്ഥാനത്തെ സർവകലാശാലകളും സർക്കാരും ഉത്തരവുകൾ പുറപ്പെടുവിക്കുന്നതുമൂലം പ്രസ്തുത സ്ഥാപനങ്ങൾക്ക് പ്രതിസന്ധി സൃഷ്ടിക്കുന്ന വിഷയം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | സ്വയംഭരണ പദവി അനുവദിച്ചിട്ടുള്ള കോളേജുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സംസ്ഥാനത്തെ സർവകലാശാലകളും സർക്കാരും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച കേസുകളൊന്നും നിലവിലില്ല |
| (ബി) | പ്രസ്തുത ഉത്തരവുകളെ ചോദ്യം ചെയ്തുകൊണ്ട് നിലവിൽ എത്ര കേസുകൾ കോടതികളുടെ പരിഗണനയിലുണ്ടെന്ന് അറിയിക്കാമോ; വ്യക്തമാക്കുമോ; | (ബി) | മറുപടി "**എ**" പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | സംസ്ഥാനത്തുനിന്നുള്ള വിദ്യാർത്ഥികൾ ഉപരിപഠനാർത്ഥം വിദേശരാജ്യങ്ങളിലേക്ക് പോകുന്ന സാഹചര്യം പരിഗണിച്ച് സ്വയംഭരണ പദവിയുള്ള കോളേജുകളും സർവ്വകലാശാലകളും സർക്കാരുമായുള്ള ബന്ധം പരസ്പരപൂരകമാക്കി സംസ്ഥാനത്ത് മികച്ച അക്കാദമിക അന്തരീക്ഷം സൃഷ്ടിക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | വിദേശ രാജ്യങ്ങളിലേതുപോലെ പൂർണ്ണമായും ക്രെഡിറ്റ് അടിസ്ഥാനമാക്കി ഓരോ വിദ്യാർത്ഥിക്കും സ്വന്തം അഭിരുചികളും ലക്ഷ്യങ്ങളും അനുസരിച്ച് അക്കാദമിക് അഡ്വൈസറുടെ സഹായത്തോടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാനും പ്രൊഫഷണൽ ലക്ഷ്യങ്ങൾക്ക് സഹായകരമാവും വിധം വിവിധ വിഷയങ്ങളുടെ കോമ്പിനേഷൻ തെരഞ്ഞെടുത്ത് തന്റെ ബിരുദ ഘടന രൂപകൽപന ചെയ്യാനുമുള്ള തരത്തിലാണ് നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലം രൂപകൽപന ചെയ്തിരിക്കുന്നത്. ക്രെഡിറ്റിനെ വ്യക്തമായി നിർവചിച്ചുകൊണ്ടാണ് നാലുവർഷ ബിരുദ കരിക്കുലം രൂപകൽപന ചെയ്തിരിക്കുന്നത്. അതുകൊണ്ട് തന്നെ നമ്മുടെ ക്രെഡിറ്റുകൾക്ക് ലോകത്തെ പ്രധാനപ്പെട്ട ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനങ്ങളായ യൂറോപ്യൻ ക്രെഡിറ്റ് ട്രാൻസ്ഫർ സിസ്റ്റം (ECTS ) ആയിട്ടും അമേരിക്കൻ ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനമായിട്ടും ക്രെഡിററ് കൈമാറ്റം സാധ്യമാകും. നമ്മുടെ ബിരുദങ്ങൾക്കും ഇന്റർ നാഷണൽ കോമ്പാറ്റബിലിറ്റി നേടാൻ ഈ സംവിധാനം സഹായകരമാവുകയും ചെയ്യും. നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ഭാഗമായി ഉന്നത |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസത്തിലേക്ക് നൈപുണീയത സമന്വയിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് ഹ്രസ്വകാല വ്യവസായ സംബന്ധിയായ കോഴ്സുകൾ പഠിക്കുന്നതിനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. ഇത്തരത്തിൽ പഠിക്കുന്ന തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ മൈനർ പാത്ത് വേയുടെ ഭാഗമാക്കാനും സാധിക്കും. ഉദാഹരണത്തിന് ഫിസിക്സിനോടൊപ്പം ഡേറ്റാ അനലിറ്റിക്സ്, കൊമേഴ്സിനോടൊപ്പം ഫിനാൻഷ്യൽ ടെക്നോളജി, കമ്പ്യൂട്ടർ സയൻസിനോടൊപ്പം ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇംഗ്ലീഷിനോടൊപ്പം ഡിജിറ്റൽ മീഡിയ തുടങ്ങി നിരവധി തൊഴിലധിഷ്ഠിത മൈനർ കോഴ്സുകൾ തെരഞ്ഞെടുക്കാവുന്നതാണ്. പഠിക്കുന്ന കോളേജിൽ അത്തരം കോഴ്സുകൾ ലഭ്യമല്ലെങ്കിൽ മറ്റ് അംഗീകൃത സ്ഥാപനങ്ങളുടെ നൈപുണ്യ വികസന കേന്ദ്രങ്ങളിൽ നിന്ന് നേരിട്ടോ ഓൺലൈനായോ വിദ്യാർത്ഥിക്ക് വൊക്കേഷണൽ കോഴ്സുകൾ തിരഞ്ഞെടുത്ത് പഠിക്കാം. ഇത്തരത്തിൽ സംസ്ഥാനത്ത് മികച്ച അക്കാദമിക അന്തരീക്ഷം സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ